റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഞാൻ നേരത്തെ പറഞ്ഞു ഈ ക്ലിസ്റ്റിൽ മുഴുവനും ഇല്ലെന്ന്. ഈ നിയോജക മണ്ഡലത്തിലുള്ള സ്കൂളുകളെ ഇതിൽ പെടുത്തിട്ടുള്ള വേറെയും സ്കൂളുകളുണ്ട്.

മിസ്റ്റർ എം. ഐ പോൾ: വടവുകോട് സ്കൂളിനു ഗവർമ്മെണ്ടിൽനിന്നും വല്ല ഗ്രാൻന്റും കൊടുക്കുന്നുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഇല്ല.

DRAWING MASTERS IN HIGH SCHOOL—QUALIFICATIONS OF

16. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടിൽനിന്നു ദയവായി മറുപടി പറയുമോ.—

(എ) ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്ന ഡ്രായിങ്ങ് മാസ്റ്റർമാരുടെ ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു്;

(ബി) ഈ യോഗ്യതകളില്ലാത്ത ആരെയെങ്കിലും ഇപ്പോൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനു നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക കാരണമെന്തു്?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ:

(എ) ഏഴാംക്ലാസ് പരീക്ഷയും ഫ്രീഹാൻറ് ഔട്ട്ലൈനും മോഡൽ ഡ്രായിങ്ങും ഹയർഗ്രേഡും ജാമിട്രിയും ഡിസൈനും പെയിൻടിങ്ങും ലോവർ ഗ്രേഡും.

(ബി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ഈ സ്കൂൾ വർഷാരംഭത്തിൽ നല്ലേപ്പിള്ളി സ്കൂളിൽ വല്ല ഡ്രായിംഗ മാസ്റ്റർമാരേയും അപ്പോയിണ്ട് ചെയ്തിട്ടുണ്ടോ?

Rao Sahib I. N. Menon *(Director Public Instruction):* Being a private school, I am afraid I have not got the figures that Hon'ble Member wants. If the Hon'ble Member will give notice I will enquire.

മിസ്റ്റർ പി. മാണി: വല്ല ഡ്രായിംഗ് മാസ്റ്ററേയും നിയമിച്ചിട്ടുണ്ടെന്നറിയാമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഹൈസ്കൂളിൽ ഡ്രായിംഗ് മാസ്റ്റർ ഉണ്ടാകണം.

മിസ്റ്റർ പി. മാണി: അവിടെ ഡ്രായിംഗ് പഠിപ്പിക്കുന്നതു ആരാണു്?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: അതൊരു പ്രൈവറ്റ സ്കൂളായതുകൊണ്ടു് അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ചോദിച്ചാൽ തല്ക്കാലം അതിനെ സംബന്ധിച്ചുള്ള കടലാസ്സുകൾ ഇവിടെയില്ലാത്തതിനാൽ മറുപടി പറയാൻ നിവൃത്തിയില്ല. വേണമെങ്കിൽ അന്വേഷിച്ചു പറയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് ഗ്രാൻറ കൊടുക്കുന്ന സ്കൂളാണോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: അതെ.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇതു് നോട്ടീസ്സായിട്ട കരുതാമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: നോട്ടീസ്സായിട്ട കരുതാനും വിരോധമില്ല.

മിസ്റ്റർ പി. മാണി: അവിടെ പഠിപ്പിക്കുന്ന ഡ്രായിംഗ് മാസ്റ്റർക്ക അതിനുള്ള യോഗ്യതയില്ലെങ്കിൽ അതു അന്വേഷിക്കേണ്ടതില്ലെ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: സാധാരണ സ്റ്റാഫ് ലിസ്റ്റ് സ്കൂൾ തുറന്നാൽ ഉടനെ വരുകയില്ല. സ്കൂൾ തുറന്നു കുറച്ചു കഴിഞ്ഞതിനുശേഷമേ അതു അയക്കാറുള്ളു. അതുകൊണ്ടു പുതിയതായി ആരെ നിയമിച്ചിട്ടുണ്ടോ എന്നുള്ളതു് ഇപ്പോൾ അറിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കൂടുതൽ ഇൻഫർമേഷൻ വേണമെങ്കിൽ അതു കളക്ടറെയെഴുതുക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നല്ലേപ്പിള്ളി ഹൈസ്കൂളിൽ പരീക്ഷായോഗ്യതയില്ലാത്ത ഡ്രായിംഗ് മാസ്റ്ററെ നിയമിച്ചിരിക്കുന്നു എന്നുള്ളതിനെപ്പറ്റി വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഒന്നും കിട്ടീല്ല.

LIBRARY ARCHIVES Kerala Legislative Assembly